(ഇ) ഉണ്ട്.

(എഫ്) കോടതിയിൽ നിന്നും ആവലാതിക്കാരൻ ഏറ്റുവാങ്ങി സൂക്ഷിച്ചുവരുന്നു.

(ജി & എച്ച്) കേസ് കാട്ടാക്കട ജുഡീഷ്യൽ ഫസ്റ്റ്ക്ലാസ് മജിസ്ട്രേറ്റു കോടതിയിൽ വിചാരണയിലാണ്.

(ഐ) പ്രതികളിൽ നിന്നും പൂവാർ സ്വദേശി മുരുകൻ, ചാക്കയിലെ സ്വർണ്ണക്കടക്കാരനായ ത്യാഗരാജൻ, തങ്കപ്പൻ, ബാബുരാജ്, സീതാരാമൻ എന്നിവരിൽ നിന്നുമാണ് പിടിച്ചെടുത്തത്.

(ജെ) പ്രതികൾ 7-3-1999-ൽ രാത്രിയിൽ ആവലാതിക്കാരന്റെ വക ആർകിട് ഹെർമൽ മെഡിറ്റ് കാമ്പൗണ്ടിന്റെ കിഴക്കുവശത്ത് സ്ഥിതി ചെയ്യുന്ന ശാരദാദേവി ക്ഷേത്രത്തിന്റെ വടക്കു വശം ഷട്ടറിന്റെ പൂട്ടിനെ പിക്കാസിന്റെ മുനകൊണ്ട് തുറന്ന് ഷട്ടർ പൊക്കി അതുവഴി അകത്തുകടന്ന് വിഗ്രഹത്തിൽ ചാർത്തിയിരുന്ന ആഭരണങ്ങൾ മോഷ്ട്ടിച്ച് കയറിയ വഴി പുറത്തുപോയി എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

(കെ) ഇല്ല.

(എൽ) ഉണ്ടായിരുന്നു.

(എം) ക്ഷേത്രത്തിൽ വീഡിയോ സ്ഥാപിച്ചിട്ടില്ല.

(എൽ) കേസ് കോടതിയുടെ പരിഗണനയിലാണ്.

വയനാട് ജില്ലയിൽ ചാർജ് ചെയ്തിട്ടുള്ള കൊലപാതക കേസുകൾ

56 (3246) ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം വയനാട് ജില്ലയിൽ എത്ര കൊലപാതക കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) ആരൊക്കെയാണ് കൊലചെയ്യപ്പെട്ടിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(സി) മരണകാരണം കൊലപാതകമാണെന്ന് ആരോപിക്കപ്പെട്ടിട്ടുള്ള എത്രകേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ഡി) കൊലപാതകമാണെന്ന് ആരോപിക്കപ്പെട്ടിട്ടുള്ള കേസ്സുകളിൽ ആരൊക്കെയാണ് മരണപ്പെട്ടിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(ഇ) ഇതിൽ മൊത്തം എത്ര കേസ്സുകൾ ചാർജ്ജ് ചെയ്തിട്ടുണ്ടെന്നും ഏതൊക്കെ കേസ്സുകളാണ് ചാർജ്ജ് ചെയ്തിട്ടുള്ളതെന്നും വ്യക്തമാക്കാമോ ;

(എഫ്) ഇതിൽ ഏതെങ്കിലും കേസ്സുകളിൽ ആരെങ്കിലും ശിക്ഷിക്കപ്പെട്ടിട്ടുണ്ടോ ;

(ജി) എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 67 കേസ്സുകൾ

(ബി) മുകുന്ദൻ, ചന്ദ്രിക, കൃഷ്ണൻ, നവജാത ശിശു, ശങ്കരൻ കുട്ടി, മാത്യൂമേരി, തങ്കച്ചൻ, മേരി എന്ന ഭവാനി, റോയി, ഭാസ്കരൻ, ഷിഹനാഥ്, സുരേഷ്, നന്ദനൻ, രാജൻ, മഞ്ജുമോൾ, വെള്ളാൻ, കഞ്ഞുകൃഷ്ണൻ നമ്പ്യാർ, ജോസഫ്, ദേവകി, ഫ്രാൻസിസ്, അനിൽ ജോർജ്ജ്, സുശീല, റുബീന, രാമു, കുഞ്ഞി, വേലായുധൻ, പാത്തുമ്മ, പായൽ, വേലുത്തിരി, സത്യപാലൻ, വാസു, ആതിര, രാമു, രമേശ് എന്ന മനു, ശോഭ, ഷാജി, വേലുസാൽ, നവജാതശിശു, മാത്യു, കമലാക്ഷിയമ്മ, നിർമ്മല എന്ന കൂരി, സൈമൺ എന്ന അച്ചൻകുഞ്ഞ്, റോസമ്മ, ജോസ്, നിഥിൻ, കാളി, കുക്കു, ലളിത, ബാബു, നവജാതശിശു, ബോബിൻ, വിബിൻരാജ്, പാത്തുക്കുട്ടി, കുര്യൻ എന്ന ജോണി, ചിന്നമ്മ, ഷിഗോജ്, ലക്ഷ്മണൻ, മോയ്തിൻ കോയ, നിഷിദ, ഗുൽസൺ, എൽസി, ഹൈമൻ, മണിയൻ പെമിനി, കുള്ളൻ, ലിയോ, നവജാതശിശു, അഹമ്മദ്, നവജാതശിശു, സുബ്രമണ്യൻ, ചിമ്പൻ.

(സി) 40 കേസ്സുകൾ

(ഡി) ഷാജി, സൈമൺ എന്ന അച്ചൻകുഞ്ഞ്, കാളി, കമലാക്ഷിയമ്മ, വെളുമൺ സുശീല, കുഞ്ഞി, പാത്തുമ്മ, രമ്യ, രമേശ് എന്ന മനു, ശോഭ, ലളിത, സാജു, കുക്കു, ചന്ദ്രിക, ശങ്കരൻകുട്ടി, മേരി, തങ്കപ്പൻ, റോയി, സുരേഷ്, നന്ദനൻ, മഞ്ജുമോൾ, വെള്ളൽ, കുഞ്ഞി കൃഷ്ണൻ നമ്പ്യാർ, ചിമ്പൻ, കുള്ളൻ, ആതിര ദേവകി, രാജൻ സത്യപാലൻ, വിപിൻ രാജ്, നിതിൻ, നവജാതശിശു, ലക്ഷ്മൺ, നിഷിത, മണിയൻ, ഫെമിന, പാത്തുക്കുട്ടി, ലിയോ സുബ്രമണ്യൻ, ജോണി, ചിന്നമ്മ, ഷിനോജ്, അഹമ്മദ്.

(ഇ) 23 കേസ്സുകൾ ചാർജ്ജ് ചെയ്തിട്ടുണ്ട്. 1. ക്രൈം 7/98 (കമ്പളക്കാട് പി.എസ്) 2. 79/97 (വൈത്തിരി പി.എസ്.) 3. 58/97, 112/99 (പടിഞ്ഞാറേത്തല) 4. 91/98, 270/98 (പുൽപ്പള്ളി) 5. 36/98, 112/98, 71/99 (കേണിച്ചിറ) 6. 168/96, 133/99 (മേപ്പാടി) 7.188/97 (കൽപ്പറ്റ) 8.273/96, 337/96 (വൈത്തിരി) 9. 127/96, 180/96 (അമ്പലവയൽ) 10. 75/96 (ആലപ്പുഴ) 11. 86/96, 145/96, 18/98 (വെള്ളമുണ്ട) 12. 36/97, 295/98, 167/97 (മാനന്തവാടി)

(എഫ് & ജി) വെള്ളമുണ്ട പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത ക്രൈം 86/96 യു/എസ് 302 ഐ.പി.സി. കേസ്സിലെ പ്രതിയെ ജീവപര്യന്തം തടവിന് ശിക്ഷിച്ചിട്ടുണ്ട്.

കൊയിലാണ്ടി പോലീസ് സ്റ്റേഷനു നേരെ കല്ലെറിഞ്ഞ സംഭവം

57 (3247) ശ്രീ. പി. ജെ. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1994 നവംബർ 25-ന് അന്നത്തെ സഹകരണ വകുപ്പുമന്ത്രി ആയിരുന്ന ശ്രീ. എം. വി. രാഘവനെ വഴിതടഞ്ഞതിന്റെ പേരിലുണ്ടായ വെടിവയ്പ്പിൽ ചിലർ മരിച്ചതിനെത്തുടർന്ന് പ്രതിഷേധ പ്രകടനം നടത്തിയവർ കൊയിലാണ്ടി പോലീസ് സ്റ്റേഷനുനേരെ കല്ലെറിയുകയുണ്ടായോ ;

(ബി) ഈ കല്ലേറിൽ എത്ര പോലീസുകാർക്ക് പരിക്കേറ്റു.

LIBRARY ARCHIVES Kerala Legislative Assembly